**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5866** **08-07-2024 - ല്‍ മറുപടിയ്ക്ക്**

**മണലൂര്‍ മണ്ഡലത്തിലെ പാരീസ് റോഡ് പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാര്‍ലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | മണലൂര്‍ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിലെ പാരീസ് റോഡ് നിലവില്‍ അതീവ ശോച്യാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | റീബില്‍ഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയില്‍ ഉള്‍പ്പെടുത്തി പ്രസ്തുത റോഡ് പുനരുദ്ധരിക്കുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അതിന്‍പ്രകാരം എന്തെല്ലാം പ്രവൃത്തികള്‍ നാളിതുവരെ നിര്‍വ്വഹിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | അനുവദിച്ച തുക - RS. 1,85,30,382/-(ഭരണാനുമതി തുക ടെണ്ടര്‍ എക്സസ് ഉള്‍പ്പടെ). രണ്ട് പാര്‍ട്ട് ബില്‍ കരാറുകാരന് നല്‍കിയിട്ടുണ്ട്. നിലവില്‍ കരാറുകാരന് അനുവദിച്ച നല്‍കിയ തുക Rs. 16,28,212/-<br><br>നിലവില്‍ റോഡിലെ ഡ്രെയിന്‍ പ്രവൃത്തിയും കലുങ്കിന്റെ നിര്‍മ്മാണവും നിര്‍വഹിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പുനരുദ്ധാരണ പ്രവൃത്തിയുടെ കരാര്‍ കാലാവധി പുതുക്കിയിട്ടുണ്ടോ; വിശദാംശം നല്‍കുമോ; | (സി) | പ്രവൃത്തിയുടെ നിര്‍വഹണ വേളയില്‍ 2023 മേയ് മാസത്തില്‍ ആര്‍.കെ.ഐ യുടെ അറിവോ സമ്മതമോ കൂടാതെ M/S ജിയോ കേബിള്‍ ലിമിറ്റഡ് മേല്‍ റോഡിലൂടെ ഒരു മീറ്റര്‍ ആഴത്തില്‍ കുഴിച്ചിട്ടുള്ളതാണ്. സ്പെസിഫിക്കേഷന്‍ പ്രകാരം കുഴിമൂടി പൂര്‍വ്വസ്ഥിതിയിലാക്കുന്നതിനു കണ്ടാണശ്ശേരി പഞ്ചായത്ത് മുഖേന ജിയോ പ്രതിനിധികള്‍ക്ക് നിരവധി തവണ നിര്‍ദേശം നല്‍കിയെങ്കിലും 2024 മാര്‍ച്ച് മാസം അവസാനത്തോടുകൂടി 10 മാസങ്ങള്‍ക്കു ശേഷം മാത്രമാണ് റീസ്റ്റോറേഷന്‍ പൂര്‍ത്തിയാക്കിയത്. കൂടാതെ ജലജീവന്‍ മിഷന്റെ പൈപ്പിടുന്ന പ്രവൃത്തിക്ക് കേരള വാട്ടര്‍ അതോറിറ്റി യുടെ അഭ്യര്‍ത്ഥന അനുസരിച്ച് അനുമതി നല്‍കുകയും, ടി പ്രവൃത്തി 2024 ജനുവരിയില്‍ ആരംഭിച്ച് 2024 മെയ് മാസം മാത്രമാണ് പൂര്‍ത്തീകരിച്ചത്. മേല്‍ കാലയളവില്‍ പ്രസ്തുത പ്രവൃത്തിയുടെ കരാര്‍ കാലാവധി കരാറുകാരന്റെ അപേക്ഷ പ്രകാരം 2023 നവംബര്‍ 30 വരെ പുതുക്കി നല്‍കിയിട്ടുണ്ട്. 2023 നവംബര്‍ 30 ന് ശേഷം കാലാവധി ദീര്‍ഘിപ്പിക്കുന്നതിനുള്ള അപേക്ഷ |

| | | | |
|---|---|---|---|
| | | | കരാറുകാരൻ നൽകിയിട്ടില്ല. കൂടാതെ ജിയോ കേബിൾ ലിമിറ്റഡിന്റെ ഭാഗമായുള്ള റീസ്റ്റോറേഷൻ പ്രവൃത്തിയുടെ കാലതാമസം മൂലം പ്രവൃത്തിയിൽ നിന്നും ഒഴിവാക്കണമെന്ന് കരാറുകാരൻ അഭ്യർത്ഥിച്ചിട്ടുള്ളതാണ്. |
| (ഡി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് 14-05-2024 ന് തിരുവനന്തപുരത്ത് ആർ.കെ.ഐ.എൽ.എസ്.ജി.ഡി. യുടെ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽവച്ച് ഹിയറിംഗ് നടത്തിയിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ; | (ഡി) | റോഡ് പ്രവൃത്തിയിൽ നിന്നും ഒഴിവാക്കണമെന്ന കരാറുകാരന്റെ അപേക്ഷയുടെ തുടർനടപടിയായി 14.05.2024 ന് തിരുവനന്തപുരത്ത് ആർ.കെ.ഐ എൽ.എസ്.ജി.ഡി യുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ വച്ച് ഹിയറിംഗ് നടത്തുകയുണ്ടായി. പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി നിലവിലെ കരാർ റദ്ദാക്കി പ്രവൃത്തി പുന:ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | പ്രസ്തുത റോഡ് പുനരുദ്ധാരണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ഇ) | റോഡ് പ്രവൃത്തിയിൽ നിന്നും ഒഴിവാക്കണമെന്ന കരാറുകാരന്റെ അപേക്ഷയുടെ തുടർനടപടിയായി 14.05.2024 ന് തിരുവനന്തപുരത്ത് ആർ.കെ.ഐ എൽ.എസ്.ജി.ഡി യുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ വച്ച് ഹിയറിംഗ് നടത്തുകയുണ്ടായി. പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി നിലവിലെ കരാർ റദ്ദാക്കി പ്രവൃത്തി പുന:ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ